(സി) 2014-15 സാമ്പത്തിക വർഷത്തിലേക്കുള്ള പുതിയ പ്രവൃത്തികൾ സംബന്ധിച്ച് തീരുമാനങ്ങളൊന്നും ആയിട്ടില്ല.

ബോണക്കാട് മഹാവീർ പ്ലാന്റേഷൻ തോട്ടം തൊഴിലാളികളുടെ ശമ്പളം

162 (8222) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബോണക്കാട്ടെ മഹാവീർ പ്ലാന്റേഷൻ തോട്ടം തൊഴിലാളികൾക്ക് എത്ര കാലത്തെ ശമ്പളം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-3-2014 മുതലുള്ള ശമ്പളം നൽകുവാനുണ്ട്.

(സി) ഇതിനായി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഈ തോട്ടത്തിൽക്കൂടി നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക്

163 (8223) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിലേക്കായി 2014 ജനുവരി 20, 21 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'നൈപുണ്യം 2014' ഉച്ചകോടിയുടെ ഭാഗമായി ലഭ്യമായ 163 പ്രൊപ്പോസലുകളിൽനിന്ന് സ്വകാര്യ പങ്കാളികളെ തെരഞ്ഞെടുത്തിട്ടുണ്ട്. സെക്യൂരിറ്റി, ഹൈ-ടെക് ഓട്ടോമേഷൻ, Entrepreneurial Skills, ഓയിൽ & റിഗ്, മൾട്ടിസ്കിൽസ് തുടങ്ങിയ മേഖലയിൽ മികവിന്റെ കേന്ദ്രം (CoE) ആരംഭിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(ബി) സെക്യൂരിറ്റി, ഹൈ-ടെക് ഓട്ടോമേഷൻ, Entrepreneurial Skills, ഓയിൽ & റിഗ്, മൾട്ടിസ്കിൽസ് തുടങ്ങിയ മേഖലയിൽ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ അന്താരാഷ്ട്ര തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച്, തൊഴിൽരഹിതരായ പരമാവധി യുവജനങ്ങൾക്ക് ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിന് വേണ്ടിയാണ് നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്നത്.

(സി) സെക്യൂരിറ്റി, ഹൈ-ടെക് ഓട്ടോമേഷൻ, Entrepreneurial Skills, ഓയിൽ & റിഗ്, മൾട്ടിസ്കിൽസ് തുടങ്ങിയ മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്. സെക്യൂരിറ്റി മേഖലയിൽ 1-3 മാസത്തെ കോഴ്സുകൾ നൽകി 60% പ്ലെയ്സ്മെന്റ് ലഭ്യമാക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഹൈ-ടെക് ഓട്ടോമേഷൻ സെന്റർ മുഖേന അന്താരാഷ്ട്ര തലത്തിൽ അത്യാധുനിക രീതിയിൽ കോഴ്സുകൾ നൽകി പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്ന പരിശീലന പരിപാടികൾ ലഭ്യമാക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. അന്താരാഷ്ട്ര സർട്ടിഫിക്കേഷനോടുകൂടിയ ആധുനിക രീതിയിലുള്ള കോഴ്സുകൾ നൽകി തങ്ങളുടെ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും അതിവിദഗ്ധരായ തൊഴിലാളി കളെ സൃഷ്ടിക്കുക എന്നതാണ് ഓയിൽ & റിഗ്, മൾട്ടിസ്കിൽസ്, Entrepreneurial Skills എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുവഴി ലക്ഷ്യ മിടുന്നത്.

(ഡി) മേൽ പ്രസ്താവിച്ച പദ്ധതികളുടെ നടത്തിപ്പിനായി സ്വകാര്യ പങ്കാളി കളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ മികവിന്റെ കേന്ദ്രം (CoE) ആരംഭിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

ജിസിൽ, എസ്.ജി.യുടെ ആശ്രിതർക്ക് സമാശ്വാസ സഹായങ്ങൾ

164 (8224) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

മരണമടഞ്ഞ കെട്ടിട നിർമ്മാണ തൊഴിലാളി ജിസിൻ, എസ്. ജി., ഓച്ചുമ്മൽ, അവിടനല്ലൂർ പി.ഒ., കോട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് അംഗത്വ നമ്പർ 11-45146 എന്ന വ്യക്തിയുടെ ആശ്രിതർക്ക് എന്തെല്ലാം സമാശ്വാസ സഹായങ്ങൾക്ക് അർഹതയുണ്ട് എന്നറിയിക്കാമോ ?

ഉത്തരം

മരണമടഞ്ഞ കെട്ടിട നിർമ്മാണ തൊഴിലാളി ജിസിൻ എസ്.ജി., ഓച്ചുമ്മൽ, അവിടനല്ലൂർ പി.ഒ., കോട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല എന്ന വ്യക്തി മരിക്കുന്ന സമയത്ത് ഈ ബോർഡിലെ അംഗത്വം സജീവമായി നിലനിർത്തി യിട്ടുണ്ടെങ്കിൽ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 15,000 രൂപയും, ടി അംഗം ബോർഡിൽ അംശദായമായി അടച്ച മുഴുവൻ തുകയും കൂടാതെ സാന്ത്വന ധനസഹായമായി പ്രതിമാസം 400 രൂപയും മരണാനന്തര ചെലവുകൾക്ക് 2000 രൂപയും കൂടാതെ ജോലിക്കിടയിലുണ്ടാകുന്ന അപകട മരണമാണെങ്കിൽ 2 ലക്ഷം രൂപവരെയുള്ള സമാശ്വാസ സഹായങ്ങൾക്കും അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly